

**MAJOR RAVI**
(STATE PRESIDENT)



**HABEEB RAHAMAN**
(STATE SECRETARY)



**REGI MATHEW**
(STATE TREASURER)



**BALRAM G MENON**
(CHAIRMAN)



**SIVAN KUNJU**
(CHIEF PATRON)













# SAPSI

STATE ASSOCIATION OF PRIVATE
SECURITY INDUSTRY ( KERALA )

# പ്രവർത്തന റിപ്പോർട്ട്

## 2020-2022





















# പ്രിയപ്പെട്ട പൗലോസ് കോര സാറിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു



# ആദരാഞ്ജലികൾ...

# പ്രിയപ്പെട്ട SAPSI അംഗങ്ങളെ

കേരളത്തിലെ സെക്യൂരിറ്റി ഏജൻസി ഉടമകളുടെ സംഘടനയായ സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (SAPSI) രൂപം കൊണ്ടിട്ട് ഇപ്പോൾ ഏകദേശം രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു. നിലവിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ . മേജർ രവിയുടെ അധ്യക്ഷതയിൽ SAPSIസി ശക്തമായി മുന്നോട്ട് പോകുന്നു. മുൻ രക്ഷാധികാരിയും റിട്ട. പോലീസ് സൂപ്രണ്ടുമായ ശ്രീ . പി വി ചാക്കോ സത്യവാചകം ചൊല്ലിക്കൊടുത്ത് 17 അംഗങ്ങളുമായി ആരംഭിച്ച SAPSI



ഇന്ന് 160 ൽ പരം അംഗങ്ങളുമായി, കേരളത്തിലെ പത്ത് ജില്ലകളിൽ ജില്ലാ കമ്മിറ്റികളും രൂപീകരിച്ചു കൊണ്ട് ഇന്ത്യയിലെതന്നെ ഏറ്റവും വലിയ സെക്യൂരിറ്റി ഏജൻസി ഉടമകളുടെ സംഘടനയായി വളർന്ന് പന്തലിച്ചിരിക്കുന്നു.

കോവിഡ് ആദ്യ ലോക്ക് ഡൗൺ കാലഘട്ടത്തിൽ ആരംഭിച്ച SAPSI യുടെ ആദ്യ മീറ്റിംഗിനായി കാത്തിരിക്കേണ്ടി വന്നത് ഒന്നര വർഷക്കാലമാണ്. എന്നിട്ട് പോലും സംഘടനയിലേക്കുള്ള അംഗങ്ങളുടെ ഒഴുക്ക് വർധിച്ച് കൊണ്ടേയിരുന്നു . SAPSI രൂപീകൃതമാകാൻ ഒറ്റകെട്ടായി നിന്ന എല്ലാ സ്ഥാപക അംഗങ്ങൾക്കും SAPSI യുടെ ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ . 10 ജില്ലകളിൽ ഉള്ള ജില്ലാ കമ്മിറ്റി ഭാരവാഹികളോടും ജില്ലാ കമ്മിറ്റി രൂപീകരിക്കാൻ അംഗ സംഖ്യ തികയാത്ത നാല് ജില്ലകളിലെ അംഗങ്ങളോടും SAPSIസി എന്നും കടപ്പെട്ടിരിക്കും. ആത്മാർഥമായി , ഒറ്റക്കെട്ടായി SAPSI യോടൊപ്പം നിലകൊള്ളുന്ന എല്ലാ അംഗങ്ങൾക്കും സംസ്ഥാന കമ്മിറ്റിയുടെ ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ.





ഒരു ഉടമ എന്ന നിലയിൽ ഈ വ്യവസായം സുഗമമായി നടത്തികൊണ്ട് പോകുവാൻ ക ഴിയുന്ന തരത്തിലുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് SAPSI യുടെ അത്യന്തികമായ ലക്ഷ്യം . അതിനു വേണ്ടി രാഷ്ട്രീയ ഭേദമന്യേ SAPSI എന്നും ശബ്ദം ഉയർത്തിയിട്ടുണ്ട്.

SAPSIസിയുടെ നാളിത് വരെയുള്ള പ്രവർത്തനങ്ങൾ

ലോക്ക് ഡൗൺ കാലഘട്ടത്തിൽ സ്കൂളുകൾ ഓൺലൈനിലേക്ക് മാറിയപ്പോൾ സെക്യൂരിറ്റി ജീവനക്കാരുടെ മക്കൾക്കും കൊച്ചുമക്കൾക്കും ടി വി , ലാപ്പ്ടോപ്പ് , മൊബൈൽ ഫോണുകൾ എന്നിവ വലിയ അളവിൽ സൗജന്യമായി വിതരണം ചെയ്തു കൊണ്ടായിരുന്നു SAPSIസിയുടെ തുടക്കം.





കുട്ടികൾക്കു ടിവി: പിതാവിനു ജോലി


ഓൺലൈൻ ക്ലാസ്സിന് സ്മാർട്ട് ടിവി നൽകി

ആലുവ : ആലുവ നസ്രത്ത് ലൈനിൽ മേരിയുടെ മക്കൾക്ക് ഓൺലൈൻ പഠനത്തിന് സ്മാർട്ട് ടിവി നൽകി ഓൾ കേരള അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ടറി (അക്കാപ്സി ). ഓൺലൈൻ ക്ലാസ്സിന് പങ്കെടുക്കാൻ ടിവി ഇല്ലാതെ വിഷമിച്ചിരുന്ന ഇവരുടെ സങ്കടം രാജു തോമസിൽ നിന്നും അറിഞ്ഞ അസോസിയേഷൻ ഭാരവാഹികൾ സ്മാർട് ടിവി വാങ്ങി നൽകാൻ തീരുമാനിക്കുകയായിരുന്നു. കേരള സംസ്ഥാന യുവജന

ക്ഷേമ ബോർഡ് മെമ്പർ ... ടിവി കൈമാറി. അസോ... ബൽറാം, രക്ഷാധികാരി ... വി പ്രസിഡന്റ് മുരളീധര ... ബ് റഹ്മാൻ, റെജി മാത്യു, ... സോമരാജ്, സജിമോൻ, ... കുഞ്ഞ്, രാകേഷ് എം, ... വിനോദ് കുമാർ , സാജൻ ... മാൻ മാത്യു തുടങ്ങിയവർ

ആലുവ പ്രസ്സ് ക്ലബ്ബിന്റെ അഭ്യർത്ഥന പ്രകാരം നൂറ്റി അമ്പതോളം കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. കോവിഡ് മൂലം ജോലിക്ക് പോകാനാകാതെ സാമ്പത്തികമായി വിഷമിക്കുന്നവരുടെ കുട്ടികൾക്കാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത് .

കേരള കൗമുദി
Eranakulam 07 Jul 2020



പ്രാദേശിക മാധ്യമ പ്രവർത്തകരുടെ മക്കൾക്ക് സാപ്സി നൽകുന്ന പഠനോപകരണങ്ങൾ പ്രസിഡന്റ് മുരളീധരകുറുപ്പ്, ജനറൽ സെക്രട്ടറി ഹബീബ് റഹ്മാൻ, ട്രഷറർ റെജി മാത്യു എന്നിവരിൽ നിന്ന് കെ.ജെ.യു ഭാരവാഹികൾ ഏറ്റുവാങ്ങുന്നു

## 150 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി സാപ്സി

ആലുവ: ജില്ലയിലെ പ്രാദേശിക മാധ്യമ പ്രവർത്തകരുടെ മക്കൾക്ക് സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) പഠനോപകരണങ്ങൾ നൽകി. സാപ്സി പ്രസിഡന്റ് മുരളീധരക്കുറുപ്പ്, ജനറൽ സെക്രട്ടറി ഹബീബ് റഹ്മാൻ, ട്രഷറർ റെജി മാത്യു എന്നിവരിൽ നിന്നും കെ.ജെ.യു സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീമൂലം മോഹൻദാസ്, ജില്ലാ പ്രസിഡന്റ് ബോബൻ ബി. കിഴക്കേത്തറ, ട്രഷറർ ശശി പെരുമ്പടപ്പിൽ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

കെ.ജെ.യു ജില്ലാ എക്സിക്യൂട്ടീവ് അംഗം ജെറോം മൈക്കിൾ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന യുവജന ക്ഷേമ ബോർഡ് മെമ്പർ അഫ്സൽ കുഞ്ഞുമോൻ മുഖ്യാതിഥിയായിരുന്നു. സുരക്ഷാ ജീവനക്കാരൻ പ്രസാദിന്റെ ബന്ധുക്കൾക്ക് സാപ്സിയുടെ ചികിത്സ സഹായ ഫണ്ട് 15,000 കെ.ജെ.യു സംസ്ഥാന സെക്രട്ടറി കെ.സി. സ്മിജൻ കൈമാറി. സാപ്സി വൈസ് ചെയർമാൻ സലിം കണ്ണോളി, എ.പി. അശോകൻ, സുകു സോമരാജ്, സിന്ധു കുറുപ്പ്, സജിമോൻ, കെ. പത്മരാജൻ, കെ.ജെ.യു ഭാരവാഹികളായ ജോസി പി. ആൻഡ്രൂസ്, എ.എ. സഹദ് തുടങ്ങിയവർ സംസാരിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Eranakulam

ചന്ദ്രിക

## 150 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി സാപ്സി

ആലുവ: ജില്ലയിലെ പ്രാദേശിക മാധ്യമ പ്രവർത്തകരുടെ മക്കൾക്ക് സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) പഠനോപകരണങ്ങൾ നൽകി. സാപ്സി പ്രസിഡന്റ് മുരളീധരകുറുപ്പ്, ജനറൽ സെക്രട്ടറി ഹബീബ് റഹ്മാൻ, ട്രഷറർ റെജി മാത്യു എന്നിവരിൽ നിന്നും കെ.ജെ.യു ഭാരവാഹികൾ ഏറ്റുവാങ്ങി. കെ.ജെ.യു ജില്ലാ എക്സിക്യൂട്ടീവ് അംഗം ജെറോം മൈക്കിൾ അധ്യക്ഷത വഹിച്ചു. സംസ്ഥാന യുവജന ക്ഷേമ ബോർഡ് മെമ്പർ അഫ്സൽ കുഞ്ഞുമോൻ മുഖ്യാതിഥിയായിരുന്നു. സുരക്ഷാ ജീവനക്കാരൻ പ്രസാദിന്റെ ബന്ധുക്കൾക്ക് സാപ്സിയുടെ ചികിത്സ സഹായ ഫണ്ട് 15,000 കെ.ജെ.യു സംസ്ഥാന സെക്രട്ടറി കെ.സി. സ്മിജൻ കൈമാറി. കെ.ജെ.യു സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ശ്രീമൂലം മോഹൻദാസ്, ജില്ലാ പ്രസിഡന്റ് ബോബൻ ബി. കിഴക്കേത്തറ, ട്രഷറർ ശശി പെരുമ്പടപ്പിൽ, സാപ്സി വൈസ് ചെയർമാൻ സലിം കണ്ണോളി, എ.പി. അശോകൻ, സുകു സോമരാജ്, സിന്ധു കുറുപ്പ്, സജിമോൻ, കെ. പത്മരാജൻ, കെ.ജെ.യു ഭാരവാഹികളായ ജോസി പി. ആൻഡ്രൂസ്, എ.എ. സഹദ് തുടങ്ങിയവർ സംസാരിച്ചു.



ദേശീയ സംഘടനയായ സെൻട്രൽ അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രിയുമായി (CAPSI) നമ്മുടെ സംഘടനയെ അഫിലിയേറ്റ് ചെയ്തതും സംഘടനയുടെ വലിയ നേട്ടമാണ്.


CAPSI

CERTIFICATE

of Affiliation

This is to certify the affiliation of

State Association of Private Security Industry, Kerala

with The Central Association of Private Security Industry

The member agreed herein to follow the rules and regulations of CAPSI and is hereby entitled to the rights and privileges of membership therein.

Dated this 5th Day of February 2021

Mahesh Sharma
Secretary General

Kunwar Vikram Singh
Chairman

കാർഗിലിൽ വീര മൃത്യു പ്രാപിച്ച ധീര ജവാൻമാർക്ക് പ്രണാമം അർപ്പിച്ച് കൊണ്ട് എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നടന്ന ധീര ജവാന്മാർക്ക് ആദരാഞ്ജലികൾ എന്ന പരിപാടി സംഘടിപ്പിക്കാൻ കഴിഞ്ഞത് സംഘടനാ അംഗങ്ങൾക്ക് രാജ്യത്തെ സൈനികരോടുള്ള സ്നേഹവും ബഹുമാനവും വെളിപ്പെടുത്തുന്നതായിരുന്നു.



അവതരിപ്പിക്കുക എന്നൊരു ആശയം ഉയർന്ന് വന്നു . തൽഫലമായി SAPSIസിയുടെ ആംബുലൻസിനു വേണ്ടി അംഗങ്ങൾ ഉദാരമായി സംഭാവന ചെയ്യുകയും ആംബുലന്സിനായി തന്റെ ട്രാവലർ വിട്ടുനൽകി കൊണ്ട് SAPSIസി എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ . വർഗീസ് മുന്നോട്ട് വരുകയും ചെയ്തു. എറണാകുളം സിറ്റി പോലീസ് കമ്മിഷണർ ശ്രീ . നാഗരാജു IPS ഫ്ളാഗ് ഓഫ് ചെയ്തു കൊണ്ട് SAPSIസി ആംബുലൻസ് നിരത്തിലിറങ്ങുകയും ആയിരകണക്കിന് രോഗികൾക്ക് ആശ്രയം ആകുകയും ചെയ്തു. ഇക്കാര്യത്തിൽ എറണാകുളം ജില്ലാ പ്രസിഡന്റ് ശ്രീ . വർഗീസ് സാർ വലിയ ഒരു അഭിനന്ദനം ആണ് അർഹിക്കുന്നത്.









മാതൃഭൂമി
MATHRUBHUMI
09.06.2021

## സൗജന്യ ആംബുലൻസ് സർവീസ്

**കൊച്ചി•** സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) കേരള ഘടകം അംഗങ്ങൾക്കായി സൗജന്യ ആംബുലൻസ് സർവീസ് തുടങ്ങി. എറണാകുളം ചാത്യാത്ത് ക്വീൻസ് വാക്ക്‌വേയിൽ കൊച്ചി സിറ്റി പോലീസ് കമ്മിഷണർ സി. നാഗരാജു ഫ്ലാഗ്ഓഫ് ചെയ്തു. അസോസിയേഷനിൽ അംഗത്വമുള്ള മുഴുവൻ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആംബുലൻസ് സേവനം സൗജന്യമായിരിക്കുമെന്ന് ഫ്ലാഗ്ഓഫ് ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് മുരളീധരക്കുറുപ്പ് പറഞ്ഞു. ആംബുലൻസ് സേവനത്തിന് ഫോൺ: 95624 91723.

സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) കേരള ഘടകം ആരംഭിച്ച സൗജന്യ ആംബുലൻസ് സർവീസ് കൊച്ചി സിറ്റി പോലീസ് കമ്മിഷണർ സി. നാഗരാജു ഫ്ലാഗ്ഓഫ് ചെയ്യുന്നു



## ആംബുലൻസ് സർവ്വീസ് ഫ്ലാഗ് ഓഫ് ചെയ്തു

കൊച്ചി: സ്റ്റേറ്റ് അസ്സോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) കേരള ഘടകം അംഗങ്ങൾക്കായി സൗജന്യ ആംബുലൻസ് സർവ്വീസ് ഇടങ്ങി. എറണാകുളം ചാത്യാത്ത് ക്യൂൻസ് വാക്ക് വെയിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ സി നാഗരാജു ഫ്ലാഗ് ഓഫ് ചെയ്തു. അസ്സോസിയേഷനിൽ അംഗത്വമുള്ള മുഴുവൻ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആംബുലൻസ് സേവനം സൗജന്യമായിരിക്കുമെന്ന് ഫ്ളാഗ് ഓഫ് ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് മുരളീധരക്കുറുപ്പ് പറഞ്ഞു. സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ സി വിനോദ്, അസ്സോസിയേഷൻ സെക്രട്ടറി ഹബീബ് റഹ്മാൻ, ചെയർമാൻ ബൽറാം ജി മേനോൻ, പിആർഒ കെ പത്മരാജൻ, ജില്ലാ പ്രസിഡന്റ് വി സി വർഗീസ്, ജില്ലാ കമ്മറ്റി അംഗങ്ങളായ റോബി മാത്യു, പി ചന്ദ്രബോസ്, കെ ജി ജോൺ ജോസഫ് ഇടങ്ങിയവരും പങ്കെടുത്തു. ആംബുലൻസ് സേവനത്തിന് 9562491723 എന്ന നമ്പറിൽ ബന്ധപ്പെടാം.

ലോക്ക് ഡൗൺ കാലഘട്ടത്തിൽ ആരോഗ്യ പ്രവർത്തകർക്കും പോലീസ് സേനക്കുമൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിച്ച വിഭാഗമാണ് സ്വകാര്യ സുരക്ഷാ വിഭാഗം. **മുഴുവനായി അടച്ചിട്ട ഷോപ്പിംഗ് മാളുകളിലും , കടകൾക്ക് മുന്നിലും, എല്ലാ വിഭാഗം ഹോട്ടലുകളിലും, കമ്പനികളിലും, ആൾ താമസമുള്ള അപ്പാർട്മെന്റ്കളിലും, കോവിഡ് രോഗികളെക്കൊണ്ട് നിറഞ്ഞു കവിഞ്ഞ ആശുപത്രികളിലും ഭീതിയോടെ ഉറങ്ങാതെ ജോലി ചെയ്യവരാണ് നമ്മുടെ ജീവനക്കാർ** . ആരോഗ്യ പ്രവർത്തകരെയും പോലീസ് സേനയെയും മറ്റ് പല വിഭാഗങ്ങളെയും വാക്സിൻ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയപ്പോഴും ലോക്ക് ഡൗൺ കാലത്ത് ജീവൻ പണയം വച്ച് ജോലി ചെയ്ത സ്വകാര്യ സുരക്ഷാ ജീവനക്കാരെ മാത്രം ഉൾപ്പെടുത്താതിരുന്നത് സംഘടനയുടെ ശ്രദ്ധയിൽ പെട്ടു. ഇത് സംഘടനാ ഭാരവാഹികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സ്വകാര്യ സുരക്ഷാ വിഭാഗത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ സർക്കുലർ ഇറക്കുകയും ചെയ്തത് നമ്മുടെ സംഘടനയുടെ ഒരു വലിയ വിജയമായി മാറി .






## 'Prioritise vax for security guards'

EXPRESS NEWS SERVICE @Kochi

THE State Association of Private Security Industry (SAPSI) has asked the government to vaccinate private security guards at the earliest, considering them as a priority category. "Private security personnel interact with the public closely as part of their job, making them vulnerable to infection. We want the state to give priority to security guards to get vaccinated," said SAPSI general secretary Habeeb Rahman.

There are 150 registered agencies across the state that provide security guards to various industries. "Over 10 lakh private security guards work round-the-clock to ensure safety in society. Most of them belong to the 45-55 age group. They have not been given preference for vaccination yet," said Habeeb. "Most security guards contracted the disease while on duty," he added.

In Ernakulam, there are more than one lakh security guards, and over 500 have tested positive for Covid. But fewer than 2,000 have so far been vaccinated. "We had written to the chief minister a month ago to add security personals to the priority list, but it is yet to be addressed," he said.

GUARDS VACCINATED SO FAR

| District | No. of security guards | Positive cases | No. vaccinated |
|---|---|---|---|
| Kozhikode | 80,000 | 1,000 | 1,000 |
| Thrissur | 35,000 | 60 | 0 |
| Ernakulam | 1,00,000 | 500 | 2,000 |
| T'Puram | 1 lakh | 500 | 500 |

INDIAN EXPRESS Tue, 11 May 2021 https://epaper.newindianexpress.com/c/60384083

SAPSI യും ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് സ്വകാര്യ മേഖലയിലെ സുരക്ഷാ ജീവനക്കാർക്ക് അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ബീമാ സുരക്ഷാ യോജന എന്ന പദ്ധതി എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസിലും കോഴിക്കോട് ഹെഡ് പോസ്റ്റ് ഓഫീസിലും നടന്ന ചടങ്ങിൽ ആരംഭമായി.





കേരളകൗമുദി

സ്വകാര്യ സുരക്ഷാ ജീവനക്കാർക്ക് ഇൻഷ്വറൻസുമായി സാപ്സി



ബീമാ സുരക്ഷാ യോജനയ്ക്ക് തുടക്കം

കോഴിക്കോട് ► സ്വകാര്യമേഖലയിലെ സുരക്ഷാ ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ബീമാ സുരക്ഷാ യോജനയ്ക്ക് തുടക്കം. തപാൽ വകുപ്പുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

പോസ്റ്റൽ ഡിവിഷൻ സീനിയർ സൂപ്രണ്ട് കെ. സുകുമാരൻ പദ്ധതി ഉദ്ഘാടനംചെയ്തു. സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ റീജണൽ പ്രസിഡന്റ് ഭാസ്കരൻ അളകാപുരി അധ്യക്ഷനായി. രണ്ടുലക്ഷം രൂപയുടെ പരിരക്ഷയാണ് 12 രൂപ വാർഷിക പ്രീമിയത്തിൽ ലഭിക്കുന്നത്. മലബാറിലെ അഞ്ച് ജില്ലകളിൽ നിന്നുള്ളവർക്ക് ഈ പദ്ധതിയിൽ ചേരാം.

സ്വകാര്യമേഖലയിലെ സുരക്ഷാ ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള ബീമാ സുരക്ഷാ യോജന പോസ്റ്റൽ ഡിവിഷൻ സീനിയർ സൂപ്രണ്ട് കെ. സുകുമാരൻ ഉദ്ഘാടനംചെയ്യുന്നു



സ്വകാര്യ സുരക്ഷാ ജീവനക്കാർക്ക് ഇൻഷുറൻസ്



ട്രാവൻഫോ അക്കാദമിയുമായി സഹകരിച്ച് സ്വകാര്യ സുരക്ഷാ ഏജൻസി ഉടമകൾക്കുള്ള പരിശീലനം നൽകാനുള്ള ഏഴോളം ക്ലാസുകൾ സംഘടിപ്പിക്കാനും അത് വഴി ഏജൻസി ഉടമകൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനുള്ള കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് മനസിലാക്കി കൊടുക്കുവാനും SAPSIസിക്ക് സാധിച്ചു.











സ്മാർട്ടാകാൻ സുരക്ഷാ ജീവനക്കാർക്ക് പരിശീലന കേന്ദ്രവുമായി സാപ്പി


## സുരക്ഷാ ഏജൻസികൾക്ക് പരിശീലനം നൽകി സാപ്പി

കൊച്ചി: സ്വകാര്യ സുരക്ഷാ ഏജൻസി ഉടമകൾക്ക് പരിശീലനം നൽകി. ആഭ്യന്തര വകപ്പിന്റെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റെഗുലേഷൻ ആക്ട് 2005 പ്രകാരം സെക്യൂരിറ്റി ഏജൻസി നടത്താൻ ആവശ്യമായ നിയമങ്ങളും വ്യവസ്ഥകളും എന്ന വിഷയത്തിൽ. സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി ) സംഘടിപ്പിച്ച പരിശീലന ക്ലാസ്സിൽ റിട്ട എസ് പി ചാക്കോ പി വി ക്ലാസ് നയിച്ചു. കോലഞ്ചേരിയിൽ സാപ്സിയുടെ പരിശീലന കേന്ദ്രമായ ട്രാവൻഫോ അക്കാദമിയിലായിരുന്നു പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചത്.

സ്വകാര്യ സുരക്ഷാ മേഖലയിൽ ഉടമകൾക്ക് ഏറ്റവും പ്രയാസമുണ്ടാക്കുന്ന ഒരു കാര്യമാണ് ബിൽ തുക തരാതെ ബുദ്ധിമുട്ടിക്കുക എന്നുള്ളത്. പ്രധാന തൊഴിൽ ഉടമകളുടെ നിഷേധാത്മകമായ ഈ പ്രവണതക്കെതിരേ ശക്തമായി പ്രതികരിക്കുന്ന കാര്യത്തിലും ആ തുക വാങ്ങി കൊടുക്കുന്ന കാര്യത്തിലും SAPSI എന്നും പ്രതിജ്ഞാബദ്ധമാണ്. അതിനു ഇപ്പോൾ സംഘടനയിൽ ഉള്ള പല കമ്പനികളും അനുഭവസ്ഥരാണ്.

കോവിഡ് വാക്സിൻ ലഭിക്കാൻ ഏറെ ബുദ്ധിമുട്ടിയിരുന്ന സുരക്ഷാ ജീവനക്കാർക്കായി 6 സൗജന്യ വാക്സിൻ ക്യാമ്പുകളാണ് SAPSIസി നടത്തിയത്. അത് വഴി ഏകദേശം നാലായിരത്തോളം സുരക്ഷാ ജീവനക്കാർക്ക് വാക്സിൻ സൗജന്യമായി ലഭിക്കുകയുണ്ടായി. ഈ ക്യാമ്പുകൾ വഴി നൂറ് കണക്കിന് ഏജൻസി ഉടമകളും സ്റ്റാഫുകളും അവരുടെ കുടുംബങ്ങളും ഒക്കെ വാക്സിൻ എടുക്കുകയുണ്ടായി. SAPSI എന്ന സംഘടനക്ക് ഏറെ ചരിതാർഥ്യം നൽകിയ ഒരു പ്രവർത്തനമായിരുന്നു ഇത് . ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനോടുള്ള ഹൃദയം നിറഞ്ഞ നന്ദി ഓരോ അംഗങ്ങളുടെയും പേരിൽ SAPSI അറിയിക്കുകയാണ് .


ദേശാഭിമാനി

DESHABHIMANI
29.06.2021, Page : 08

## സൗജന്യ വാക്സിനേഷൻ ക്യാമ്പ്

**കൊച്ചി**

സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) സംഘടനാ അംഗങ്ങളായ സ്വകാര്യ സുരക്ഷാ ഏജൻസികളുടെ ജീവനക്കാർക്കും കുടുംബങ്ങൾക്കും സൗജന്യ കോവിഡ് വാക്സിനേഷൻ നൽകി. അമൃത ആശുപത്രിയുമായി ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചത്. അംഗങ്ങളുടെ വാക്സിനേഷൻ പൂർത്തിയാകുന്നതുവരെ എല്ലാ ആഴ്ചയും ക്യാമ്പ് സംഘടിപ്പിക്കുമെന്ന് സാപ്സി സംസ്ഥാന ഭാരവാഹികളായ ഹബീബ് റഹ്മാൻ, ബൽറാം ജി മേനോൻ, മുരളീധരക്കുറുപ്പ്, റെജി മാത്യു, കെ പത്മരാജൻ തുടങ്ങിയവർ അറിയിച്ചു.





കേരളകൗമുദി

KERALA KAUMUDI
29.06.2021, Page : 02

## കൊവിഡ് വാക്സിനേഷൻ ക്യാമ്പ്

കൊച്ചി: സ്റ്റേറ്റ് അസോസിയേഷൻ ഒഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) സംഘടനാ അംഗങ്ങളായ സ്വകാര്യ സുരക്ഷാ ഏജൻസികളുടെ ജീവനക്കാർക്കും കുടുംബങ്ങൾക്കും സൗജന്യ കൊവിഡ് വാക്സിൻ നൽകി. അമൃത ആശുപത്രിയുമായി ചേർന്നാണ് ക്യാമ്പ് സംഘടിപ്പിച്ചത്. മുഴുവൻ അംഗങ്ങൾക്കും വാക്സിൻ നൽകുമെന്ന് സംസ്ഥാന ഭാരവാഹികളായ ഹബീബ് റഹ്മാൻ, ബൽറാം ജി. മേനോൻ, മുരളീധരക്കുറുപ്പ്, റെജി മാത്യു, കെ. പദ്മരാജൻ എന്നിവർ അറിയിച്ചു.

സ്വകാര്യ സുരക്ഷാ ജീവനക്കാർക്ക് വേണ്ടി ഒരു ദിനം എന്നത് ഒരു സ്വപ്നമായിരുന്നു. സെൻട്രൽ അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രിയുടെ (കാപ്സി) തീരുമാന പ്രകാരം എല്ലാ വർഷവും ഡിസംബർ നാലിന് പ്രൈവറ്റ് സെക്യൂരിറ്റി ഡേ ആയി ആചരിക്കുവാനുള്ള തീരുമാനം കൈകൊള്ളുകയുണ്ടായി. 2021 ഡിസംബർ നാലിന് എറണാകുളം കലൂരുള്ള ജവാഹർലാൽ നെഹ്‌റു ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ എറണാകുളം സിറ്റി പോലീസ് കമ്മിഷണർ ശ്രീ നാഗരാജ് IPS പ്രൈവറ്റ് സെക്യൂരിറ്റി ഡേ ഉൽഘാടനം ചെയ്യുകയും സുരക്ഷാ ജീവനക്കാരെ ആദരിക്കുകയും സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും മികച്ച സുരക്ഷാ ജീവനക്കാർക്ക് വിതരണം ചെയ്യുകയും ചെയ്തു .











മാതൃഭൂമി

സ്വകാര്യ സുരക്ഷാ ജീവനക്കാർ പരിശീലനം ലഭിച്ചവരായിരിക്കണം -സിറ്റി പോലീസ് കമ്മിഷണർ


സെക്യൂരിറ്റിക്കാർക്ക് ആദരമായി ദിനാചരണം ഡിസംബർ നാലിന്

മംഗളം
MANGALAM
06.12.2021, Page : 03

സ്വകാര്യ സുരക്ഷാ ജീവനക്കാർ പരിശീലനം ലഭിച്ചവരായിരിക്കണം: സി.എച്ച് നാഗരാജു


മാധ്യമം
MADHYAMAM
05.12.2021, Page : 11

സ്വകാര്യ സുരക്ഷ ജീവനക്കാർ പരിശീലനം ലഭിച്ചവരായിരിക്കണം -കമീഷണർ

കൊച്ചി: സ്വകാര്യ സുരക്ഷ ഏജൻസികളിലെ ജീവനക്കാർ നിർബന്ധമായും പരിശീലനം ലഭിച്ചവരായിരിക്കണമെന്ന് കൊച്ചി സിറ്റി പൊലീസ് കമീഷണർ സി.എച്ച്. നാഗരാജു. കലൂർ ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രൈവറ്റ് സെക്യൂരിറ്റി ദിനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സെൻട്രൽ അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രിയും (കാപ്സി), സെൻട്രൽ അസോസിയേഷനും സംയുക്തമായാണ് ആചരിച്ചത്. മികച്ച സ്വകാര്യ സുരക്ഷ ജീവനക്കാരെ ചടങ്ങിൽ ആദരിച്ചു. ഇനിയുള്ള വർഷങ്ങളിൽ ഡിസംബർ നാലിന് പ്രൈവറ്റ് സെക്യൂരിറ്റി ഡേയായി ആചരിക്കുമെന്ന് സംഘടന ഭാരവാഹികൾ അറിയിച്ചു. സാപ്സ് സംസ്ഥാന ഭാരവാഹികളായ ഹബീബ് റഹ്മാൻ, റെജി മാത്യു, കെ. ചന്ദ്രശേഖർ, ശിവൻകുട്ടി, സലിം കല്ലൂരാളി, എം.കെ. സജീവൻ എന്നിവർ പങ്കെടുത്തു.


മലയാള മനോരമ

സ്വകാര്യ സുരക്ഷാ ഏജൻസി: പരിശീലനം വേണമെന്ന് കമ്മിഷണർ

SAPSI എന്ന സംഘടന രൂപം കൊണ്ട് ഏകദേശം ഒന്നര വർഷത്തിന് ശേഷമാണ് SAPSIസിയുടെ ആദ്യ ജനറൽ ബോഡി കലൂർ ഐ എം എ ഹാളിൽ വച്ച് നടന്നത്. കോവിഡിന്റെ ശല്യം രൂക്ഷമായിരുന്നെങ്കിലും കേരളത്തിലെ എല്ലാ ജില്ലകളിലും നിന്നുള്ള അംഗങ്ങൾ SAPSIസി ജനറൽ ബോഡിയിൽ പങ്കെടുക്കുവാൻ ഐ എം എ ഹാളിലേക്ക് എത്തിച്ചേരുകയുണ്ടായി. ACP ശ്രീ അജയകുമാർ സാർ ഉൽഘാടനം നിർവഹിച്ച യോഗത്തിൽ ബാൻഡ് മേളവും മറ്റ് കലാപരിപാടികളുമൊക്കെയായി എല്ലാ അംഗങ്ങളും മനസ്സ് നിറഞ്ഞാണ് തിരികെ പോയത്.



കേരളത്തിലെ സ്വകാര്യ സുരക്ഷാ മേഖലയിൽ മിനിമം വേതനം വർധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ള വിവരം എല്ലാ അംഗങ്ങൾക്കും അറിവുള്ളതാണല്ലോ. മിനിമം വേജസ് അഡ്വൈസറി ബോർഡിൽ കൂടിക്കാഴ്ച്ചക്കായി SAPSIസി ഭാരവാഹികളെ ക്ഷണിക്കുകയും സംഘടനയുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തു . തിരുവനന്തപുരം തൊഴിൽ ഭവനിൽ നടന്ന യോഗത്തിൽ വിവിധ തൊഴിലാളി യൂണിയൻ നേതാക്കൾ പങ്കെടുക്കുകയും മിനിമം വേതനം 23000 രൂപ ആക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു . SAPSIസി ഭാരവാഹികൾ യോഗത്തിൽ പറഞ്ഞത് എല്ലാ പ്രായക്കാർക്കും ഒരേ ശമ്പളം ഈ മേഖലയിൽ നടപ്പാക്കുക ബുദ്ധിമുട്ടാണ് എന്നാണ്. SAPSIസിയുടെ അഭിപ്രായം എ. ബി സി ഡി ക്യാറ്റഗറിയായി തിരിച്ച് ഓരോ ക്യാറ്റഗറിക്കും വ്യത്യസ്ത ശമ്പളം നൽകണം എന്നുള്ളതായിരുന്നു. ആ അഭിപ്രയം വളരെ നല്ല മനസ്സോടെ സ്വീകരിക്കുകയും SAPSIസിയുടെ പ്രൊപോസൽ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അതിൻപ്രകാരം SAPSIസിയുടെ പ്രൊപോസൽ മിനിമം വേജസ് അഡ്വൈസറി ബോർഡിൻറെ സെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്തു. അതിന്റെ ഫലത്തിനായി നമ്മൾ കാത്തിരിക്കുകയാണ്.



STATE ASSOCIATION OF PRIVATE SECURITY INDUSTRY (KERALA)

Reg No: EKM/TC/247/2020
60/247, KIZHAVANA ROAD, PANAMPILLY NAGAR
KOCHI, KERALA – 682036
Ph: 0484 4868247
E-mail: sapsikerala@gmail.com

1

STATE COMMITTEE

BALRAM G MENON
CHAIRMAN

MAJOR RAVI
STATE PRESIDENT

HABEEB RAHMAN
STATE GEN. SECRETARY

REGI MATHEW
STATE TREASURER

SIVANKUMAJ
STATE PATRON

K PADMARAJAN
STATE PRO

SALIM KANNOLY
VICE CHAIRMAN

SAJIMON M.K
VICE PRESIDENT

SUKU SOMRAJ
JOINT SECRETARY

VIDYASAGARAN
JOINT SECRETARY

VINOD KUMAR
LIAISON OFFICER

RAKESH. M
MEDIA COORDINATOR

ANTONY JOSHI
JOINT TREASURER

MATHEW V V
EXECUTIVE MEMBER

Adv. SUJA
LEGAL ADVISOR

SINDHU KURUP
EXECUTIVE MEMBER

ASHOKAN A.P
EXECUTIVE MEMBER

CAPSI

ബഹുമാനപ്പെട്ട മിനിമം വേജസ് അഡ്വൈസറി ബോർഡ് മുൻപാകെ സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി ) ബോധിപ്പിക്കുന്ന നിർദേശങ്ങൾ.

കേരളത്തിൽ ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സ്വകാര്യ സുരക്ഷാ മേഖലയിൽ മിനിമം വേതനം കൂട്ടുന്നതിനെ കുറിച്ചുള്ള തെളിവെടുപ്പ് നടക്കുന്ന ഈ വേളയിൽ ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ സുരക്ഷാ ഏജൻസി ഉടമകളുടെ സംഘടനയായ സാപ്സി ചില നിർദേശങ്ങൾ സമർപ്പിക്കുന്നു. കേരളത്തിൽ മാത്രം ഏകദേശം 190 ഓളം ആഭ്യന്തര വകുപ്പിന്റെ ലൈസൻസുള്ള സ്വകാര്യ സുരക്ഷാ ഏജൻസികൾ മെമ്പർമാരായിട്ടുണ്ട്. സാപ്സിയുടെ നിർദേശങ്ങൾ താഴെ ചേർക്കുന്നു.

കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസിസ് റെഗുലേഷൻ ആക്ട് 2005 പ്രകാരം 18 മുതൽ 65 വയസ്സ് വരെ പ്രായം ഉള്ളവരെയാണ് ഈ ജോലിക്കായി നിയമിക്കാൻ കഴിയുക. സർക്കാർ നടപ്പിലാക്കുന്ന മിനിമം വേതനം നിയമത്തിൽ പറഞ്ഞിട്ടുള്ള എല്ലാ പ്രായക്കാർക്കും നൽകുക എന്നത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം ഈ മേഖലയിൽ ആരോഗ്യം വളരെ നിർണായകമായ ഘടകമാണ്. 18 നും 40 നും ഇടക്ക് പ്രായമുള്ളവർക്ക് നൽകുന്ന അതേ വേതനം അതിന് മുകളിലുള്ളവർക്ക് നൽകുക പ്രായോഗികമായി ബുദ്ധിമുട്ടാണ്. കൂടാതെ 60 വയസ്സിന് മുകളിലുള്ള ഒട്ടേറെ തൊഴിലാളികൾ ഫ്ളാറ്റുകളിലും മറ്റുമായി തൊഴിൽ ചെയ്യുന്നുണ്ട്. ഇവരെയൊക്കെ ഉൾക്കൊണ്ട് കൊണ്ട് ഈ മേഖലയെ 4 കാറ്റഗറി ആയി തിരിക്കണമെന്നാണ് സാപ്സിയുടെ ആവശ്യം. കാറ്റഗറിയായി എങ്ങനെയാണ് തിരിക്കുക എന്ന് താഴെ ചേർക്കുന്നു.

മറ്റൊരു നാഴികക്കല്ലാകാൻ പോകുന്നത് പുതിയതായി ആഭ്യന്തര വകുപ്പിന്റെ ലൈസൻസിന് അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് SAPSIസി സർക്കാരിന് നൽകിയ നിവേദനം ആണ്. പുതിയതായി അപേക്ഷിക്കുന്നവർക്ക് മൂന്ന് വർഷത്തെ ITR നിർബന്ധമാക്കുക, PSARA ലൈസൻസ് ലഭിച്ചതിന് ശേഷം മാത്രം ലേബർ, ജി എസ ടി , പി എഫ് , ഈ എസ ഐ , കോർപറേഷൻ, മുനിസിപ്പാലിറ്റി , പഞ്ചായത്ത് ലൈസൻസുകൾ നൽകുക തുടങ്ങിയ നിർദേശങ്ങളാണ് SAPSIസി നൽകിയത് . അങ്ങനെ വരുമ്പോൾ PSARA ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണം ഗണ്യമായി കുറയും . ഇപ്പോൾ


**STATE ASSOCIATION OF PRIVATE SECURITY INDUSTRY (KERALA)**

Reg No: EKM/TC/247/2020
60/247, KIZHAVANA ROAD, PANAMPILLY NAGAR
KOCHI, KERALA – 682036
Ph: 0484 4860247
E-mail: sapsikerala@gmail.com


1


STATE COMMITTEE

BALRAM G MENON
CHAIRMAN
98474 22333

MAJOR RAVI
STATE PRESIDENT
70341 10088

HABEEB RAHMAN
STATE GEN. SECRETARY
97470 39307

REGI MATHEW
STATE TREASURER
98460 20888

SIVANKUNJU
STATE PATRON
93886 31070

K PADMARAJAN
STATE PRO
98466 42977

SALIM KANNOLY
VICE CHAIRMAN
88917 05226

SAJIMON M K
VICE PRESIDENT
70253 57222

SUKU SOMRAJ
JOINT SECRETARY
94461 01968

VIDYASAGARAN
JOINT SECRETARY
85890 93304

VINOD KUMAR
LIAISON OFFICER
94470 87919

RAKESH. M
MEDIA COORDINATOR
97479 00023

ANTONY JOSHI
JOINT TREASURER
94476 03248

MATHEW V V
EXECUTIVE MWMBER
94475 79765

Adv. SUJA
LEGAL ADVISOR
93876 46120

SINDHU KURUP
EXECUTIVE MEMBER
90723 06883

ASHOKAN A.P
EXECUTIVE MEMBER
90723 06883


ബഹുമാനപ്പെട്ട കൺട്രോളിങ് അതോറിറ്റി മുൻപാകെ സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി (സാപ്സി) ബോധിപ്പിക്കുന്ന ഹർജി,

കേരളത്തിൽ അസംഘടിത മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സ്വകാര്യ സുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട് പലവിധ പ്രശ്നങ്ങളാണ് നിലവിലുള്ളത്. പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസിസ് റെഗുലേഷൻ ആക്ട് 2005 പ്രകാരം ഈ വ്യവസായം തുടങ്ങണമെങ്കിൽ സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ ലൈസൻസ് നിർബന്ധമാണ്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ ആഭ്യന്തര വകുപ്പ് ലൈസൻസ് നൽകിയ 647 കമ്പനികൾക്ക് പുറമെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇതിനെക്കാൾ ഇരട്ടിയോളം കമ്പനികൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവണത യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്ത ഒന്നാണ്.

ലൈസൻസ് എടുത്ത് നിയമപരമായി സർവീസ് നടത്തുന്നവരെ അപമാനിക്കുന്നതിന് തുല്യമാണ് ഇവരുടെ പ്രവർത്തനം. ഇങ്ങനെ പ്രവർത്തിക്കുന്ന കമ്പനികളെ നിയമത്തിന് മുൻപിൽ കൊണ്ട് വരികയും ആക്ടിൽ പറഞ്ഞിരിക്കുന്ന പിഴ ശിക്ഷയും തടവ് ശിക്ഷയും നൽകുന്ന രീതിയിൽ ഉള്ള നടപടികൾ ആഭ്യന്തര വകുപ്പ് കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ലൈസൻസ് ഇല്ലാതെ സർവീസ് നടത്തുന്നവർക്കെതിരെ കർശന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

അവർ പ്രവർത്തിക്കുന്നത് ലേബർ , ജി എസ ടി തുടങ്ങിയ ലൈസൻസുകൾ മാത്രം ഉപയോഗിച്ചാണ്. .യാതൊരു വിധ സാമ്പത്തിക അടിത്തറയുമില്ലാത്ത ഏജൻസികൾ ആരംഭിക്കുന്ന ഇത്തരക്കാർ ആണ് ഈ മേഖലയുടെ അന്തസ്സിനെ കളങ്കപ്പെടുത്തിക്കൊണ്ടിരിക്കുന്നത് .സംസ്ഥാന സർക്കാരിന്റെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ഈ വ്യവസായം നടത്തുന്നവരെ ചൂഷകരായി മുദ്രകുത്തുന്ന നിലയിലാണ് കാലാകാലങ്ങളായി കാര്യങ്ങളുടെ പോക്ക് . ഈ പ്രവണതക്ക് കടിഞ്ഞാണിടാൻ നമ്മുടെ ഈ നീക്കം കൊണ്ട് തീർച്ചയായും സാധ്യമാകും

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഏജൻസികൾക്ക് കോൺട്രാക്റ്റ് നൽകരുതെന്ന് കാണിച്ച് കൊണ്ടുള്ള പത്ര പരസ്യം എല്ലാ പത്രങ്ങളിലും നൽകണമെന്ന് സർക്കാരിനോട് SAPSIസി ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഒരു പത്രപരസ്യം വന്നാൽ ആഭ്യന്തര വകുപ്പിന്റെ ലൈസെൻസിനെ പറ്റി അറിയാതെ ഇങ്ങനെയുള്ള കമ്പനികൾക്ക് കോൺട്രാക്റ്റ് നൽകുന്ന പ്രധാന തൊഴിലുടമകൾക്കും അതൊരു ബോധവൽക്കരണം ആകും എന്ന കാര്യത്തിൽ സംശയമില്ല.

ട്രാവൻഫോ അക്കാദമിയുമായി സഹകരിച്ച് സുരക്ഷാ ജീവനക്കാർക്കുള്ള പരിശീലനം നൽകാനും SAPSIസിക്ക് സാധിച്ചു . വിവിധ കമ്പനികൾ അവരുടെ ജീവനക്കാരെ പരിശീലനത്തിനായി അയക്കുകയും അവരുടെ കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് ഈ പരിശീലന ക്ലാസുകൾ കൊണ്ട് സാധിക്കുകയും ചെയ്തു.

SAPSIസിയുടെ വിജയത്തിന് ഏറ്റവും കൂടുതൽ സഹായിച്ചതും കൂടെ നിന്നതും കേരളത്തിലെ മാധ്യമ സുഹൃത്തുക്കളാണ്. മാധ്യമങ്ങളുടെ അകമഴിഞ്ഞ സഹായം തുടർച്ചയായി ഉണ്ടായിരുന്നത് കൊണ്ടാണ് SAPSI ഇന്ന് ഈ നിലയിലേക്ക് വളർന്നത് . മുൻനിര ദൃശ്യ പത്ര ഓൺലൈൻ മാധ്യമങ്ങൾ എല്ലാം തന്നെ SAPSIസിയുടെ വാർത്തകൾ സംപ്രേഷണം

ചെയ്യുകയും അച്ചടിക്കുകയും ചെയ്തത് SAPSIസിക്ക് ഒരു വലിയ മുതൽക്കൂട്ടായി. എല്ലാ മാധ്യമ സുഹൃത്തുക്കളോടും ഉള്ള നന്ദി ഈ വേളയിൽ SAPSIസി ആത്മാർത്ഥമായി അറിയിക്കുകയാണ്.

കേരളത്തിൽ അങ്ങിങ്ങായി നിലവിലുണ്ടായിരുന്ന സെക്യൂരിറ്റി ഉടമകളുടെ പല 'ചെറിയ സംഘടനകളും ഇന്ന് SAPSI എന്ന മഹാസമുദ്രത്തിൽ ലയിച്ചു കഴിഞ്ഞിരിക്കുന്നു . ഇപ്പോഴും പല ചെറിയ സംഘടനകളും SAPSIയുമായി ഒന്നിച്ചുപോകാനുള്ള സന്നദ്ധത അറിയിച്ച് മുന്നോട്ട് വരുന്നുണ്ട് .അതിന്മേലുള്ള ചർച്ചകൾ ഇപ്പോഴും പുരോഗമിച്ചു കൊണ്ടിരിക്കുന്നു .

എടുത്ത് പറയേണ്ട മറ്റൊരു കാര്യം എറണാകുളം സിറ്റി പോലീസ് കമ്മീഷണർ ശ്രീ നാഗരാജ് (IPS ) സാറിന്റെ അകമഴിഞ്ഞ പിന്തുണയാണ് . സ്വകാര്യ സുരക്ഷാ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും നിറഞ്ഞ മനസ്സോടെ കൂടെ നിൽക്കുകയും എല്ലാ ഉപദേശങ്ങളും നിർദേശങ്ങളും നൽകുകയും ചെയ്ത അദ്ദേഹത്തിന് SAPSIസിയുടെ ആത്മാര്ഥമായ നന്ദിയും കടപ്പാടും അറിയിക്കുന്നു

SAPSIസിയെ ഏറെ സഹായിച്ച മറ്റൊരു മഹത് വ്യക്തിയാണ് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി. സുരക്ഷാ ജീവനക്കാരുടെ യാത്ര ക്ലേശം പരിഹരിക്കുവാനും സ്വകാര്യ സുരക്ഷാ ഏജൻസികളെ അവശ്യ വിഭാഗത്തിൽ ഉൾപ്പെടുത്തുവാനും ഒക്കെ ഏറെ സഹായിച്ച വ്യക്തിയാണ് അദ്ദേഹം. ഇന്ത്യയിൽ തന്നെ ആദ്യമായി സ്വകാര്യ സുരക്ഷാ ഏജൻസികളെ അവശ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സംസ്ഥാനം കേരളമാണ് . SAPSIസി നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം സർക്കാരിനെ കൊണ്ട് ഇങ്ങനെ ഒരു തീരുമാനം എടുപ്പിച്ചത് . ഇത് ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളും മാതൃകയാക്കി. SAPSIസിയുടെ ഏറ്റവും വലിയ വിജയമായി ഇതിനെ നാം കാണേണ്ടതുണ്ട് , കാരണം അവശ്യ വിഭാഗത്തിൽ ഉൾപെടുത്തിയതോടെ സ്വകാര്യ സുരക്ഷാ മേഖലയുടെ പ്രാധാന്യം സംസ്ഥാനം മുഴുവൻ അറിഞ്ഞു .



4 വർത്തമ

'സുരക്ഷാ ജീവനക്കാർക്ക് ജോലി സ്ഥലത്തെത്താൻ ബുദ്ധിമുട്ട്'

കൊച്ചി ● അവശ്യ സർവീസിൽ ഉൾപ്പെടുത്തിയിട്ടുള്ള സുരക്ഷാ ജീവനക്കാർക്ക് അവരുടെ ജോലി സ്ഥലത്തേക്കു ലോക്ഡൗൺ ദിവസങ്ങളിലും കർഫ്യൂ സമയങ്ങളിലും എത്തിച്ചേരാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്നു സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇൻഡസ്ട്രി ആവശ്യപ്പെട്ടു.

മാത്രമല്ല ഈ ജോലി ഒരു അന്തസ്സുള്ള ജോലിയാണ് എന്ന് കേരളത്തിലെ ജനങ്ങൾക്കും സർവോപരി തൊഴിലന്വേഷകർക്കും മനസിലാക്കി കൊടുക്കാൻ നമുക്ക് കഴിഞ്ഞു . ഈ ജോലിയിലേക്ക് കടന്നു വരാൻ വിമുഖത കാണിച്ചിരുന്ന പലരും ഈ ജോലിയിൽ പ്രവേശിക്കാനും ഈ മേഖലയിലേക്ക് ബിസിനസ് ആരംഭിച്ച് കടന്ന് വരാനും തയ്യാറായത് SAPSIസിയുടെ ഇത്തരം നീക്കങ്ങൾ കൊണ്ട് മാത്രമാണ് എന്ന് അഭിമാനത്തോടെ സംഘടനക്ക് പറയാനാകും .

കേരളത്തിലെ ഔദ്യോഗിക സംഘടനയായി വിവിധ ഗവണ്മെന്റ് വകുപ്പുകൾ അംഗീകരിച്ചിട്ടുള്ളത് sapsiസി എന്ന സംഘടനയെ ആണ് എന്നുള്ളതും SAPSIസി അംഗങ്ങൾക്ക് അഭിമാനിക്കാവുന്ന നേട്ടമാണ് .

SAPSIസിയുടെ വിജയത്തിനായി , വളർച്ചക്കായി ആത്മാർത്ഥതയോടെ രാഷ്ട്രീയ ഭേദമന്യേ ജാതി മത ഭേദമന്യേ ഒരു കുടക്കീഴിൽ നിലകൊണ്ട SAPSIസിക്ക് ഏറ്റവും വിലപ്പെട്ട , SAPSIസിയുടെ പ്രിയപ്പെട്ട അംഗങ്ങൾ , അവരാണ് SAPSIസിയുടെ ശക്തി,

നമ്മുടെ ശക്തി എന്നും വർദ്ധിച്ചു കൊണ്ടേയിരിക്കും,

പ്രിയപ്പെട്ട SAPSIസി അംഗങ്ങളെ നന്ദി നന്ദി നന്ദി ... ഒരായിരം നന്ദി .

നന്ദി :

പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച സംസ്ഥാന ട്രഷറർ ശ്രീ റെജി മാത്യു , സ്റ്റേറ്റ് ചെയര്മാൻ ശ്രീ ബൽറാം ജി മേനോൻ , സംസ്ഥാന കോഓർഡിനേറ്റർ ശ്രീസതീഷ് കുമാർ , സംസ്ഥാന വൈസ് ചെയർമാൻ ശ്രീ സലിം കണ്ണോളി , സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ സജിമോൻ എം കെ , പി ആർ ഒ ശ്രീ. കെ പദ്മരാജൻ, ലെയ്സൺ ഓഫീസർ ശ്രീ കെ ജി വിനോദ് കുമാർ തുടങ്ങിയവരോടുള്ള ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

സ്റ്റേറ്റ് അസോസിയേഷൻ ഓഫ് പ്രൈവറ്റ് സെക്യൂരിറ്റി ഇന്ടസ്ട്രിക്ക് (SAPSIസി) വേണ്ടി,

ഹബീബ് റഹ്മാൻ
സംസ്ഥാന ജനറൽ സെക്രട്ടറി